LIBRARY ARCHIVES Kerala Legislative Assembly

ശബരിമലയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ടിക്കറ്റ് നിരക്ക്

*19 [108] ശ്രീ. കെ. ബാബു:

,, എം. എ. ചന്ദ്രശേഖരൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസണിൽ കെ.എസ്.ആർ.ടി.സി. നടത്തിയ സർവ്വീസിന് കഴിഞ്ഞ വർഷം വരെ ടിക്കറ്റ് നിരക്കിൽ എന്തു തുക വർദ്ധനവ് വരുത്തി;

(ബി) 2004-05-ലെ മണ്ഡല-മകരവിളക്ക് മുതൽ പ്രസ്തുത അധിക ചാർജ്ജ് പിൻവലിച്ചുവോ;

(സി) ഇപ്രകാരം അധിക ചാർജ്ജ് വേണ്ടെന്നു വച്ചതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടാകുമായിരുന്ന അധിക വരുമാനം എത്ര കണ്ടു കുറഞ്ഞു?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) ശബരിമല സീസണിൽ നടത്തിയ സ്പെഷ്യൽ സർവ്വീസിന് കഴിഞ്ഞ വർഷം വരെ 20 ശതമാനം അധിക ചാർജ്ജ് ഈടാക്കിയിരുന്നു.

(ബി) പിൻവലിച്ചു.

(സി) അധിക ചാർജ്ജ് വേണ്ടെന്നു വച്ചതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ 2,00,39,704 രൂപ കുറവുണ്ടായി.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ ആനുകൂല്യത്തിൽ വർദ്ധനവ്

*20 [109] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ മൊത്തം എത്ര തൊഴിലാളികൾ അംഗത്വമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ ആനുകൂല്യത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 2004 മാർച്ച് മാസം വരെ 10,76,445 പേർ അംഗത്വം എടുത്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ യൂണിയനുകൾ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(സി) ഈ ആവശ്യങ്ങൾ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് പരിഗണിച്ച് വരികയാണ്.

പരമ്പരാഗത വ്യവസായ മേഖല സംരക്ഷിക്കുന്നതിന് നടപടി

*21 [110] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, ടി. കെ. ദേവകുമാർ:

,, കെ. വി. കുഞ്ഞിരാമൻ:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയിലെ വ്യവസായങ്ങൾ തകർന്നു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനിടയായ സാഹചര്യങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച ഏതെല്ലാം നടപടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇപ്പോഴും പരിഗണനയിലിരിക്കുന്ന പ്രഖ്യാപിത പരിപാടികൾ എന്തൊക്കെയാണ്;

(ഇ) പരമ്പരാഗത വ്യവസായ മേഖലയുടെ തകർച്ചയെ തുടർന്നു ജോലി നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly